## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2262      15-07-2011-ൽ മറുപടിയ്ക്ക്

## <u>ആറ്റിങ്ങൽ മണ്ഡലത്തിലെ പണയിൽകടവ്</u>
## <u>പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>

| ചോദ്യം<br>ശ്രീ ബി. സത്യൻ എം.എൽ.എ. | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പുമന്ത്രി) |
|---|---|
| (എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പണയിൽക്കടവ് പാലം ചെറുന്നിയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുള്ള ഭൂമി പുറമ്പോക്കാണെന്ന് റിപ്പോർട്ട് നൽകിയതിനെ തുടർന്ന് പണി നടത്താൻ കഴിയാതെ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അടിയന്തിരമായി ഇതിന് പരിഹാരം കാണാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുമോ ? | (ബി) സ്വീകരിച്ചിട്ടുണ്ട്. ചെറുന്നിയൂർ വില്ലേജിൽ 574/4, 566/13 എന്നീ സർവ്വേ നമ്പറുകളിൽ നിന്നുമാണ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കേണ്ടത്. പ്രസ്തുത ഭൂമി റീ സർവ്വേ പ്രകാരം വില്ലേജ് റിക്കാർഡുകളിൽ ഭൂസ്ഥിതി വഴി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ സർവ്വേ 574/4 പ്രകാരമുള്ള വസ്തു ഉടമ ലോകായുക്തയിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലോകായുക്തയുടെ ഉത്തരവ് പ്രകാരം കരം അടച്ച് നൽകിയതായി അറിയുന്നു. ബാക്കി സ്ഥലത്തിന്റെ റീ സർവ്വേയിലുള്ള അപാകത പരിഹരിച്ച് സ്ഥലം പൂർണ്ണമായും പട്ടയ ഭൂമിയാക്കി മാറ്റിയതിനു ശേഷം പൊന്നുംവില നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിന് അർത്ഥനാധികാരി പുതിയ അർത്ഥന നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ